"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സഹകരണ വകുപ്പ് - സംസ്ഥാനത്തെ വിവിധ സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ക്ഷാമബത്ത വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സഹകരണ (ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.72/2026/Co-Op തീയതി,തിരുവനന്തപുരം, 18-02-2026

---

പരാമർശം:-

1. 10.05.2011 ലെ സ.ഉ.(കൈ) നം.75/2011/സഹ. നമ്പർ ഉത്തരവ്.
2. 04.02.2026-ലെ ലെ സ.ഉ.(അച്ചടി) നം. 15/2026/ധന നമ്പർ ഉത്തരവ്.
3. സഹകരണ സംഘം രജിസ്ട്രാറുടെ 13.02.2026 ലെ RCS/14144/2025/ഇഎം(4) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

സംസ്ഥാനത്തെ വിവിധ സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ക്ഷാമബത്ത ഏകീകരിച്ച് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവിൽ സംസ്ഥാനത്തെ സർക്കാർ ജീവനക്കാർക്ക് ക്ഷാമബത്ത അനുവദിക്കുന്നതിന് അനുസൃതമായി സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്കും ക്ഷാമബത്ത അനുവദിക്കുന്നതാണെന്നും വ്യക്തമാക്കിയിരുന്നു.

2) സംസ്ഥാന സർക്കാർ ജീവനക്കാരുടെ ക്ഷാമബത്ത പരാമർശം (2) പ്രകാരം 22%ൽ നിന്നും 25% ആയി വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്. ക്ഷാമബത്ത ഏകീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ച ശേഷം സഹകരണ സ്ഥാപനങ്ങളുടെ അവസാന ശമ്പള പരിഷ്കരണത്തിൽ 24%, 40%, 45% ക്ഷാമബത്തയാണ് അടിസ്ഥാന ശമ്പളത്തോടൊപ്പം ലയിപ്പിച്ചിട്ടുള്ളത്. ശമ്പള പരിഷ്കരണം നടപ്പിലാക്കിയ സഹകരണ സംഘങ്ങളിലെ/ ബാങ്കിലെ/ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ആയതിന് ആനുപാതികമായ ക്ഷാമബത്തയ്ക്കാണ് അർഹതയുള്ളത്.

3) പരാമർശം (3)-ലെ സഹകരണ സംഘം രജിസ്ട്രാറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിൻ പ്രകാരം സംസ്ഥാനത്തെ വിവിധ സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ക്ഷാമബത്ത ചുവടെ പറയും പ്രകാരം പരിഷ്കരിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

<u>1. പുതിയ ശമ്പള പരിഷ്കരണം നടപ്പിലാക്കിയ സംഘങ്ങൾക്ക്</u>

| പ്രാബല്യ തീയതി | നിലവിലുണ്ടായിരുന്ന ക്ഷാമബത്ത | വർദ്ധിപ്പിച്ച ക്ഷാമബത്ത | ആകെ അനുവദിച്ച ക്ഷാമബത്ത |
|---|---|---|---|
| 01.07.2023 | 103% | 6% | 109% |

2. പുതിയ ശമ്പള പരിഷ്കരണം നടപ്പിലാക്കാത്ത സംഘങ്ങൾക്ക്

| പ്രാബല്യ തീയതി | നിലവിലുണ്ടായിരുന്ന ക്ഷാമബത്ത | വർദ്ധിപ്പിച്ച ക്ഷാമബത്ത | ആകെ അനുവദിച്ച ക്ഷാമബത്ത |
|---|---|---|---|
| 01.07.2023 | 195% | 9% | 204% |

3. മേൽ രണ്ട് ശമ്പള പരിഷ്കരണവും നടപ്പിലാക്കാത്തവർക്ക്

| പ്രാബല്യ തീയതി | നിലവിലുണ്ടായിരുന്ന ക്ഷാമബത്ത | വർദ്ധിപ്പിച്ച ക്ഷാമബത്ത | ആകെ അനുവദിച്ച ക്ഷാമബത്ത |
|---|---|---|---|
| 01.07.2023 | 313% | 12% | 325% |

4. മേൽ പ്രകാരമുള്ള ശമ്പള പരിഷ്കരണങ്ങൾ ഒന്നും നടപ്പിലാക്കാത്ത ജീവനക്കാർക്ക്

| പ്രാബല്യ തീയതി | നിലവിലുണ്ടായിരുന്ന ക്ഷാമബത്ത | വർദ്ധിപ്പിച്ച ക്ഷാമബത്ത | ആകെ അനുവദിച്ച ക്ഷാമബത്ത |
|---|---|---|---|
| 01.07.2023 | 412% | 15% | 427% |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അജി ഫിലിപ്പ്

അഡിഷണൽ സെക്രട്ടറി

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.

എല്ലാ സഹകരണ സംഘം ജോയിൻ്റ് രജിസ്ട്രാർമാർക്കും

മാനേജിംഗ് ഡയറക്ടർ, കേരള ബാങ്ക്, തിരുവനന്തപുരം

മാനേജിംഗ് ഡയറക്ടർ, സംസ്ഥാന കാർഷിക ഗ്രാമ വികസന ബാങ്ക്, തിരുവനന്തപുരം

വെബ് & ന്യൂ മീഡിയ

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

Rajesh S

സെക്ഷൻ ഓഫീസർ

Date: 18-02-2026 17:10:52

പകർപ്പ്:

ബഹു. സഹകരണ വകുപ്പ് മന്ത്രിയുടെ പി.എസ്. ന്

സഹകരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ. യ്ക്ക്

സഹകരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ. യ്ക്ക്